**കേരള സർക്കാർ**

**ധനകാര്യ (ഐ.ടി-സോഫ്റ്റ്‌വെയർ) വകുപ്പ്**

**നമ്പർ : 249241/ഐ.റ്റി-എസ്.എഫ്-4/22/2016/ധന** **തിരുവനന്തപുരം, തീയതി 16.06.2016**

ഇ മെയിൽ : info.fin@kerala.gov.in

ഫോൺ : 0471-2305851

**സർക്കുലർ**

വിഷയം:- **സർക്കാർ ഉത്തരവുകളും സർക്കുലറുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്**

സൂചന:- സർക്കുലർ നമ്പർ 590/എസ്.സി1/2016/പൊ.ഭ.വ തീയതി 09.06.2016

സൂചനയിലെ നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, സർക്കുലറുകളും പുറപ്പെടുവിക്കുന്ന സമയം തന്നെ കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.kerala.gov.in) പ്രസിദ്ധീകരിക്കേണ്ടതാണ്.

ആയതിനാൽ ധനകാര്യ വകുപ്പിലെ സെക്ഷനുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയ എല്ലാ പ്രധാനപ്പെട്ട രേഖകളും പുറപ്പെടുവിക്കുന്ന സമയം തന്നെ ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി നോഡൽ ഓഫീസർക്ക് ലഭ്യമാക്കുന്നതോടൊപ്പം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയ വിഭാഗത്തിന് കൂടി നൽകേണ്ടതാണ്. ഇതിലേക്കായി എല്ലാ ഉത്തരവുകളിലും സർക്കുലറുകളിലും സ്വീകർത്താക്കളോടൊപ്പം വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് എന്നുകൂടി ഉൾപ്പെടുത്തേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ നേരിട്ടോ, സ്കാൻ ചെയ്ത് പിഡിഎഫ് രൂപത്തിലുള്ള ഡിജിറ്റൽ കോപ്പികളായി താഴെ പറയുന്ന ഇ-മെയിൽ വിലാസങ്ങളിലോ ലഭ്യമാക്കാവുന്നതാണ്.

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് - **webprd@kerala.gov.in**
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് - **info.fin@kerala.gov.in**

എല്ലാ ഉത്തരവുകളും സർക്കുലറുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി പുറപ്പെടുവിക്കുന്ന സമയം തന്നെ ലഭ്യമാക്കേണ്ടതും, ഇത് സെക്ഷൻ ഓഫീസർ മുതൽക്കുള്ള മേലുദ്യോഗസ്ഥരുടെ അതിപ്രധാനമായ ഉത്തരവാദിത്തമായിരിക്കുന്നതുമാണ്. വെബ്സൈറ്റിൽ രേഖകൾ ലഭ്യമാകാതെ വരുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**സാനു.എം.ബി.**

ജോയിന്റ് സെക്രട്ടറി, (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
**വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്**
**നോഡൽ ഓഫീസർ, www.finance.kerala.gov.in**
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ